# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4309** **17/12/2014-ൽ മറുപടിക്ക്**

## സുകൃതം ആരോഗ്യ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സുകൃതം ആരോഗ്യ പദ്ധതിയിലൂടെ കേന്ദ്ര സർക്കാർ എത്ര തുകയാണ് ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ളത് വിശദമാക്കാമോ; | (എ) | 'സുകൃതം' പദ്ധതി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാൻസർ രോഗികൾക്ക് എട്ട് സർക്കാർ ചികിത്സാലയങ്ങളിൽ സൗജന്യ ചികിത്സ ഉറപ്പാക്കാൻ വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 'സുകൃതം' എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നിലവിലില്ല. |
| (ബി) | സംസ്ഥാന സർക്കാർ ഈ പദ്ധതിക്കായി എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാന സർക്കാർ സുകൃതം പദ്ധതി പ്രകാരം ആർ.സി.സി.യ്ക്ക് 12 കോടി രൂപയും, എം.സി.സി.യ്ക്ക് 5 കോടി രൂപയും, ആരോഗ്യവകുപ്പിന്റെ കീഴിലുള്ള എറണാകുളം ജനറൽ ആശുപത്രിയ്ക്ക് 2 കോടി രൂപയും, കോഴിക്കോട് മെഡിക്കൽ കോളേജിന് 5 കോടി രൂപയും, മറ്റ് 4 മെഡിക്കൽ കോളേജുകൾക്ക് 2 കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. |
| (സി) | വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കുന്നതിനും ചികിത്സക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും സാധിയ്ക്കും വിധം കൂടുതൽ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിയ്ക്കുമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ